# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2353 18.02.2016-ൽ മറുപടിയ്ക്ക്**

**ആരോഗ്യകേരളം സാന്ത്വന പരിചരണ പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ആരോഗ്യകേരളം സാന്ത്വന പരിചരണ പദ്ധതി പ്രകാരം നിയമിതരായ നഴ്സുമാരുടെ സേവന വേതന വ്യവസ്ഥകൾ വ്യക്തമാക്കാമോ ; | (എ) | എൻ.എച്ച്.എം സാന്ത്വന പരിചരണ പദ്ധതി 2008-09 ലാണ് ആരംഭിച്ചത്. സെക്കന്ററി തല സാന്ത്വന പരിചരണത്തിന് നഴ്സിന്റെ നേതൃത്വത്തിലാണ് ഗൃഹ കേന്ദ്രീകൃത രോഗീ പരിചരണം സാധ്യമാകുന്നത്. സാന്ത്വന പരിചരണ പദ്ധതി പ്രകാരം നിയമിതരായ നഴ്സുമാർക്ക് പ്രതിമാസം 13900 രൂപയാണ് നൽകുന്നത്. |
| (ബി) | പ്രസ്തുത ജീവനക്കാരുടെ നിയമനം ആരംഭിച്ചത് ഏത് വർഷം മുതലാണെന്ന് വ്യക്തമാക്കാമോ ; | (ബി) | 2008-09 വർഷത്തിലാണ് ഇവരെ നിയമിച്ചത്. |
| (സി) | പ്രസ്തുത ജീവനക്കാരുടെ നിയമനം സ്ഥിരവേതനാടിസ്ഥാനത്തിലാക്കുന്നതിനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ ? | (സി) | നാഷണൽ ഹെൽത്ത് മിഷൻ 2017 വരെയുള്ള ഒരു ആരോഗ്യ ദൗത്യമാണ്. ആയതിനാൽ കരാർ അടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയമിക്കുന്നത്. മേൽ സാഹചര്യത്തിൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന കാര്യം തൽക്കാലം പരിഗണിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ